**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 11.07.2016-ൽ |
| ചോദ്യം നമ്പർ - 744 | മറുപടിയ്ക്ക് |

## തൃശ്ശൂർ-കുന്നംകുളം ദേശീയപാതയിലെ ഗതാഗതക്കുരുക്ക്

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൃശ്ശൂർ-കുന്നംകുളം ദേശീയപാതയിൽ ഗതാഗതക്കുരുക്ക് സ്ഥിരമായുണ്ടാകുന്നത് കേച്ചേരി സെന്ററിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ കേച്ചേരി സെന്റർ വീതി കൂട്ടിയും ബൈപ്പാസ്സ് വികസിപ്പിച്ചും പ്രസ്തുത ഗതാഗത കുരുക്ക് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ? | (ബി) | കേച്ചേരി ജംഗ്ഷൻ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 240 ലക്ഷം രൂപയും, ടി പ്രവൃത്തിക്കായി 60 ലക്ഷം രൂപയും ചേർത്ത് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അംഗീകരിച്ച അലൈൻമെന്റ് സർവ്വേ നടത്തി കല്ലിട്ട് തിരിക്കുകയും 1.0846 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 25% തുക മുൻകൂർ അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ